# ക്ലാസ് - 7 യു എസ് എസ്

# കേരളപാഠാവലി

1. സി വി യുടെ മാർത്താണ്ഡവർമ്മയിൽ ഭ്രാന്തൻ ചാന്നാനായി വേഷം മാറുന്ന കഥാപാത്രമാണ്.

   എ) അനന്തപത്മനാഭൻ

   ബി) സുന്ദരയ്യൻ

   സി) പെരിഞ്ചക്കോടൻ

   ഡി) ചന്ത്രക്കാറൻ

2. താഴെപറയുന്നവയിൽ ഏതു കലാരൂപത്തിലാണ് വീരൻമാരായ വ്യക്തികളെ മരണാനന്തരം ദൈവിക പരിവേഷം നൽകി ആരാധിക്കുന്നത്?

   എ) തുള്ളൽ

   ബി) കഥകളി

   സി) തെയ്യം

   ഡി) ചാക്യാർകൂത്ത്

3. 'നീഗ്രോ' എന്ന വാക്കിന്റെ അർത്ഥം കറുപ്പ് എന്നാണ്. ഏതു ഭാഷയിൽ നിന്നാണ് ആ പദം?

   എ) പേർഷ്യൻ

   ബി) സ്പാനിഷ്

   സി) ലാറ്റിൻ

   ഡി) സ്വാഹിലി

4. തന്നിരിക്കുന്നവയിൽ 'അ' നിഷേധാർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന പദം കണ്ടെത്തുക?

   എ) അതിഗംഭീരം

   ബി) അഭിമാനം

   സി) അവാച്യം

   ഡി) അത്യാകർഷകം

5. 'നാദപ്രവാഹം' എന്ന പദത്തിന്റെ അർത്ഥം

   എ) നാദവും ബ്രഹ്മവും

   ബി) നാദംപോലുള്ള പ്രവാഹം

   സി) നാദത്തിന്റെ പ്രവാഹം

   ഡി) നാദമാകുന്ന പ്രവാഹം

6. ശരിയായ വാക്യം ഏത്?

എ) പോഷകാഹാരം വേണ്ടത്ര ലഭിക്കാത്തതു മൂലമാണ് അവന് അനാരോഗ്യമുണ്ടാകാൻ കാരണം

ബി) മദ്യപാനം കുടുംബങ്ങളിൽ തകർച്ചയ്ക്ക് കാരണമാകുന്നു.

സി) തന്റെ തെറ്റ് തിരിച്ചറിഞ്ഞതുകൊണ്ടാണ് അയാൾ സ്വയം ആത്മഹത്യയ്ക്ക് തയ്യാറായത്

ഡി) മുത്തച്ഛന്റെ വാത്സല്യത്തിലും സ്നേഹത്തിലും അവൻ സന്തുഷ്ടനായിരുന്നു.

7. ശ്രീകൃഷ്ണകഥയെ ആസ്പദമാക്കി മലയാളത്തിലുണ്ടായ ആദ്യത്തെ കാവ്യം ഏത്?

എ) ശ്രീകൃഷ്ണചരിതം മണിപ്രവാളം

ബി) കൃഷ്ണഗാഥ

സി) ശ്രീകൃഷ്ണകർണാമൃതം

ഡി) ശ്രീകൃഷ്ണവിജയം

8. താഴെപ്പറയുന്നവയിൽ ശരിയായത് ഏത്?

എ) വിഢിത്തം

ബി) വിഡ്ഡിത്തം

സി) വിഡ്ഢിത്തം

ഡി) വിഢ്ഢിത്തം

9. ആക്ഷേപഹാസ്യത്തിലൂടെ സാമൂഹ്യ വിമർശനം നടത്തിയ മലയാളകവി?

എ) ചങ്ങമ്പുഴ കൃഷ്ണപിള്ള

ബി) ഇടശ്ശേരി ഗോവിന്ദൻനായർ

സി) കുമാരനാശാൻ

ഡി) കുഞ്ചൻനമ്പ്യാർ

10. '<u>അജ്ഞാതനായ</u>' ഒരാളുടെ സാന്നിദ്ധ്യം അവളെ അലട്ടിത്തുടങ്ങിയിട്ടുണ്ടെന്ന് ആ ചോദ്യത്തിൽ നിന്ന് മനസ്സിലായി." അടിവരയിട്ടിരിക്കുന്ന പദം അർത്ഥമാക്കുന്നതെന്ത്?

എ) ഭയങ്കരനായ

ബി) അപരിചിതനായ

സി) ബന്ധുവല്ലാത്ത

ഡി) കള്ളനായ

11. 'മഴ ഇടയ്ക്കിടയ്ക്ക് പെയ്യുന്നു' എന്ന അർത്ഥം നൽകുന്ന വാക്യമേത്?

എ) മഴ കൂടിക്കൂടി വരുന്നു

ബി) മഴ കൂടിയും കുറഞ്ഞും വരുന്നു

സി) മഴ കൂടി വരുന്നു

ഡി) മഴ കൂടക്കൂടെ വരുന്നു.

12. 'യൂറോപ്പിന്റെ ഇതിഹാസം' എന്നു വിശേഷിപ്പിക്കപ്പെടുന്ന കൃതി ഏത്?

എ) ജീൻ ക്രിസ്റ്റഫ്

ബി) വാർ ആൻഡ് പീസ്

സി) ലാമിറാബിലെ

ഡി) അന്നാ കരിനീന

13. കുമാരനാശാൻ രചിച്ച ഖണ്ഡകാവ്യമാണ് 'കരുണ'. എന്നാൽ തന്റെ ആദ്യ നോവലിന് ആ പേരു നൽകിയ സാഹിത്യകാരൻ ആര്?

എ) രവീന്ദ്രനാഥടാഗോർ

ബി) ഒ. ചന്തുമേനോൻ

സി) സി. വി. രാമൻപിള്ള

ഡി) തകഴി ശിവശങ്കരപ്പിള്ള

14. കുമാരനാശാന്റെ ചില കൃതികൾ താഴെ ചേർക്കുന്നു. പ്രസിദ്ധീകരണവർഷത്തിനനുസരിച്ച് തുടക്കത്തിൽ നിന്ന് ഒടുക്കത്തിലേക്ക് എന്ന രീതിയിൽ ശരിയായി ക്രമീകരണം ഏത്?

എ) വീണപൂവ്, നളിനി, ലീല, കരുണ

ബി) വീണപൂവ്, നളിനി, കരുണ, ലീല

സി) വീണപൂവ്, ലീല, കരുണ, നളിനി

ഡി) വീണപൂവ്, കരുണ, ലീല, നളിനി

15. 'തുഞ്ചൻപറമ്പ്' ഏതു ജില്ലയിലാണ്.?

എ) തൃശൂർ

ബി) മലപ്പുറം

സി) ആലപ്പുഴ

ഡി) കോഴിക്കോട്

16. 'അവയ്ക്കിടയിലൂടെ കുറേദൂരം നടന്നപ്പോൾ കല്ലുകൊണ്ടുമേഞ്ഞ നാലഞ്ചു കുടിലുകൾ കണ്ടു!' നാലഞ്ചു കുടിലുകൾ എന്നതിന്റെ അർത്ഥമെന്ത്?

എ) നാലു കുടിലുകൾ

ബി) നാലും അഞ്ചും കുടിലുകൾ

സി) ഒൻപതു കുടിലുകൾ

ഡി) നാലോ അഞ്ചോ കുടിലുകൾ

17. 2014 ലെ - എഴുത്തച്ഛൻ പുരസ്ക്കാരം ലഭിച്ചതാർക്ക്?

എ) വിഷ്ണുനാരായണൻ നമ്പൂതിരി

ബി) സി. രാധാകൃഷ്ണൻ

സി) സുഗതകുമാരി

ഡി) എം മുകുന്ദൻ

18. 'മനുഷ്യന് ഒരു ആമുഖം' എന്ന നോവലിന് 2014 ലെ കേന്ദ്രസാഹിത്യ അക്കാദമിക പുരസ്ക്കാരം ലഭിച്ചു. രചയിതാവ് ആര്?

എ) കെ. ആർ. മീര

ബി) സുസ്മേഷ് ചന്ത്രോത്ത്

സി) സന്തോഷ് എച്ചിക്കാനം

ഡി) സുഭാഷ്ചന്ദ്രൻ

19. "ഓമനത്തിങ്കൾക്കിടാവോ - നല്ല
കോമളത്താമരപ്പൂവോ"
പ്രസിദ്ധമായ ഈ താരാട്ടുപാട്ട് രചിച്ചതാര്?

എ) സ്വാതിതിരുനാൾ

ബി) മഹാകവി വള്ളത്തോൾ

സി) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

ഡി) ഇരയിമ്മൻതമ്പി

20. താഴെപ്പറയുന്നവയിൽ ശരിയായി എഴുതിയ പദം ഏത്?

എ) മനസ്സാക്ഷി

ബി) മനോസാക്ഷി

സി) മനസാക്ഷി

ഡി) മനസാഷി

21. 'കേരളാസ്കോട്ട്' എന്നറിയപ്പെടുന്ന സാഹിത്യകാരനാര്?

എ) ചങ്ങമ്പുഴ കൃഷ്ണപിള്ള

ബി) ഇ വി കൃഷ്ണപിള്ള

സി) സി. വി. രാമൻപിള്ള

ഡി) കാരൂർ നീലകണ്ഠപിള്ള

22. വി. കെ. എൻ കൃതികളിലെ പ്രധാന കഥാപാത്രം ഏത്?

എ) മണ്ടൻ മുത്തപ്പ

ബി) മുഴയൻ നാണു

സി) എട്ടുകാലി മമ്മൂഞ്ഞ്

ഡി) പയ്യൻസ്

23. 'മിന്നുന്നത്' എന്നർത്ഥമുള്ള 'മിൻ' എന്ന ധാതുവിൽ നിന്ന് 'മീൻ' എന്ന പദം ഉണ്ടാകുന്നു. എങ്കിൽ 'വിരിയുന്നത്' എന്ന് അർത്ഥമുള്ള 'വിരി' എന്ന ധാതുവിൽ നിന്നുണ്ടാകുന്ന നാമം ഏത്?

എ) വിര

ബി) വിരൽ

സി) മരവിരി

ഡി) വീരം

24. നൽകിയിരിക്കുന്നവയിൽ പരപ്രേരണയോടുകൂടി ചെയ്യുന്ന ക്രിയാപദത്തിന് ഉദാഹരണം ഏത്?

എ) പഠിക്കുന്നു

ബി) ഓടുന്നു

സി) എഴുതുന്നു

ഡി) നടത്തിക്കുന്നു

25. പി. ഭാസ്കരൻ വിദ്യാലയത്തെക്കുറിച്ച് എഴുതിയ വരികൾ താഴെ തന്നിരിക്കുന്നവയിൽ ഏത് എന്ന് കണ്ടെത്തുക.

എ) ഒരു വട്ടംകൂടിയാ പഴയ വിദ്യാലയ
തിരുമുറ്റത്തെത്തുവാൻ മോഹം

ബി) തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ
ചിന്നും തുംഗമാം വാനിൽ ചോട്ടിലാണെന്റെ വിദ്യാലയം

സി) അറുപതു വർഷങ്ങൾക്കപ്പുറമാണെന്റെ
അരുമയാമാദ്യത്തെ വിദ്യാലയം

ഡി) ഊറ്റവുമുൽക്കട ഹർഷവും കൊ-
ണ്ടുജ്ജ്വലിക്കുന്ന മുഖം മിനുക്കി
എൻ മുന്നിൽ നിർത്തി നാൾ, പാഠശാല
തന്നിൽ നടാടെ, ഗമിപ്പവനെ

26. മലയാളത്തിൽ എഴുതപ്പെട്ട ആദ്യത്തെ യാത്രാവിവരണഗ്രന്ഥം

എ) പുതുമയുടെ ലോകം

ബി) പാതിരാസൂര്യന്റെ നാട്ടിൽ

സി) ബിലാത്തി വിശേഷം

ഡി) വർത്തമാനപ്പുസ്തകം

27. മലയാളത്തിലെ പ്രമുഖ കവികളുടെ പേരു നൽകിയിരിക്കുന്നു. അവരുടെ ജീവിതകാലഘട്ടത്തിനനുസരിച്ച് പഴയ കാലത്തിൽ നിന്നും ആധുനികതയിലേക്ക് എന്ന രീതിയിൽ ശരിയായ ക്രമം ഏത്?

എ) ചെറുശ്ശേരി, കുമാരനാശാൻ, ഒ. എൻ. വി., പി. ഭാസ്ക്കരൻ

ബി) കുമാരനാശാൻ, ചെറുശ്ശേരി, പി. ഭാസ്ക്കരൻ, ഒ. എൻ. വി

സി) ചെറുശ്ശേരി, പി. ഭാസ്ക്കരൻ, കുമാരനാശാൻ, ഒ. എൻ. വി.

ഡി) ചെറുശ്ശേരി, കുമാരനാശാൻ, പി. ഭാസ്ക്കരൻ, ഒ. എൻ. വി.

28. ‘ഹാ!’ എന്ന ശബ്ദത്തോടെ ആരംഭിച്ച് ‘കഷ്ടം’ എന്ന പദത്തിൽ അവസാനിക്കുന്ന ആശാന്റെ കൃതി?

എ) ചിന്താവിഷ്ടയായ സീത ബി) വീണപൂവ്

സി) ദുരവസ്ഥ ഡി) കരുണ

29. 'എനിക്ക് ഒരു സ്വപ്നമുണ്ട്' എന്ന് ഉദ്ഘോഷിച്ചുകൊണ്ടുള്ള പ്രസിദ്ധമായ പ്രസംഗം നടത്തിയത്?

എ) നെൽസൺ മണ്ടേല റിവോണിയ വിചാരണവേളയിൽ

ബി) മാർട്ടിൻ ലൂതർ കിങ് വാഷിങ്ടണിലെ ലിങ്കൻ സ്മാരകത്തിനു മുന്നിൽ

സി) നെൽസൻ മണ്ടേല വാഷിംങ്ടണിലെ ലിങ്കൻ സ്മാരകത്തിനു മുന്നിൽ

ഡി) മാർട്ടിൻ ലൂതർ കിങ് റിവോണിയ വിചാരണവേളയിൽ

30. തന്നിട്ടുള്ള വാക്യങ്ങളിൽ വിധായകപ്രകാരത്തിന് ഉദാഹരണമേത്?

എ) നീ ഇവിടെ വാ

ബി) അവൻ അങ്ങോട്ടുപോകട്ടെ

സി) എല്ലാവരും സത്യം പറയണം

ഡി) നിങ്ങൾക്കു പോകാം.

31. 'നൂറ്റാണ്ട്' പിരിച്ചെഴുതിയാൽ, ശരിയായത് ഏത്?

എ) നൂറ്റ് + ആണ്ട്

ബി) നൂറ്റ + ആണ്ട്

സി) നൂറ + ആണ്ട്

ഡി) നൂറ് + ആണ്ട്

32. താഴെ കൊടുത്തിട്ടുള്ളവയിൽ എം. കെ മേനോന്റെ തൂലികാ നാമം ഏത്?

എ) സുമംഗല

ബി) തുളസി

സി) വിലാസിനി

ഡി) ശ്രീരേഖ

33. മലയാളത്തിലെ ചില പ്രശസ്തകൃതികളും കഥാപാത്രങ്ങളും നൽകിയിരിക്കുന്നു. ഒ. വി. വിജയൻ സൃഷ്ടിച്ച കൃതിയും കഥാപാത്രവും ഏത്?

എ) ബാല്യകാല സഖി - മജീദ്

ബി) ഖസാക്കിന്റെ ഇതിഹാസം - രവി

സി) ഒരു ദേശത്തിന്റെ കഥ - ശ്രീധരൻ

ഡി) ഓടയിൽ നിന്ന് - പപ്പു

34. അർത്ഥവ്യത്യാസം ശരിയായി നൽകിയിട്ടുള്ള ജോഡി ഏത്?

എ) കഥനം - ദുഃഖം
കദനം - പറച്ചിൽ

ബി) വാനം - കാട്
വനം - ആകാശം

സി) നാകം - സ്വർണം
നാഗം - പാമ്പ്

ഡി) അർത്ഥം - പകുതി
അർദ്ധം - പൊരുൾ

35. മലരണിക്കാടുകൾ തിങ്ങിവിങ്ങി

മരതക കാന്തിയിൽ മുങ്ങി മുങ്ങി

കരളും മിഴിയും കവർന്നു മിന്നി

കരയറ്റൊരാലസൽ ഗ്രാമഭംഗി! - ഈ വരികൾ ഉൾപ്പെടുന്ന കൃതി ഏത്?

എ) ഇടശ്ശേരിയുടെ 'പൂതപ്പാട്ട്'

ബി) കുമാരാശാന്റെ 'ലീല'

സി) ചങ്ങമ്പുഴയുടെ 'രമണൻ'

ഡി) വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ'

36. 'അങ്ങേയറ്റം' 'അവസാനം' എന്നീ ആശയങ്ങൾ നൽകുന്ന മലയാളശൈലി

എ) നെല്ലിപ്പലക കാണുക

ബി) അടിയറ വയ്ക്കുക

സി) അറ്റകൈ

ഡി) നെറ്റി വിയർക്കുക

# ക്ലാസ് - 7 യു എസ് എസ്

## കേരളപാഠാവലി

## ഉത്തരസൂചിക

1. എ
2. സി
3. ബി
4. സി
5. സി
6. ഡി
7. ബി
8. സി
9. ഡി
10. ബി
11. ഡി
12. എ
13. എ
14. എ
15. ബി
16. ഡി
17. എ
18. ഡി
19. ഡി
20. എ
21. സി
22. ഡി
23. ബി
24. ഡി
25. സി
26. ഡി
27. ഡി
28. ബി
29. ബി
30. സി
31. ഡി
32. സി
33. ബി
34. സി
35. സി
36. എ